# അനിയന്

**ഹരിലാൽ റിത്വിക്ക്. കെ**

ഒരു നെടുവീർപ്പിൽ
ചുടുനിശ്വാസത്തി-
ലലിഞ്ഞ് പോകുമീ
ചുടു കണ്ണീർക്കണം.

സാന്ദ്രമൗനത്തിൽ
വിങ്ങിനിൽക്കുമീ
ഹൃദയവേദനക്കെന്ത്
മറു മരുന്നിനീ...?

പിരിഞ്ഞു പോയൊരെൻ
കൊച്ചനിയനിതാ
അശ്രുവിൽ ചാലിച്ച
വിഷാദ നൈവേദ്യം



ഹൃദയം പൊട്ടിക്കരയു-
മമ്മതൻ മാറിൽ
തലചായ്ച്ചു വിതുമ്പി-
ക്കരയും കൊച്ചേച്ചിയും.

അകലെയെങ്ങോ ദൃഷ്ടി
പതിച്ചു നിശ്ചലം
മൂകയായ് നിൽക്കുമാ
വലിയേടത്തിയും.

മറക്കുമതെങ്ങനെ,
മറുകരതേടി
പറന്നുപോയൊരു
കൃസൃതിക്കുരുന്നിനെ...?

ഉള്ളിൽ പതയുമീ
ഹൃദയ നൊമ്പരം
ഉറക്കെയൊന്നു പൊട്ടി-
ക്കരഞ്ഞു തീർക്കട്ടെ ഞാൻ.....

Ring the bell
Quit in the evening
Moon is rigging at the sky
As it is ready to bloom
How rhapsodical the mind
Though we are away
Still waiting for you.
We are at the stake
Alas ! we are beside it
Rays of reverberation
How spurious the ears are !
The spirit still following
We are waiting for you.
Still they wear
The clothes black and white
Marauders of peace
Are you away ?
We are waiting for you.



# ARE YOU AWAY ?

SUNIL KUMAR. E.

കവിത

# ചെന്തമസ്സ്

നൗഷാദ്. കെ.പി

ചുറ്റിലും മൂന്നുവാതിലും കൊട്ടിയടഞ്ഞു-
ഭൂതം, ഭാവി, വർത്തമാനവും !
ക്രമം തെറ്റിയ രക്തസാക്ഷികളുടെ
നീണ്ട പട്ടികയും പേറി, ഞാനീ വഴിയിൽ !
വിധി വിതറിയ കൂരിരുട്ടിൽ
ഇവിടെ ഞാനിന്നേകനാണ്.
അണിയാൻ കിരീടവു-
മുയർത്താൻ ചെങ്കോലുമില്ല,
ഭരിക്കാൻ മഹാസാമ്രാജ്യങ്ങളില്ല,
കൽപ്പിക്കാൻ കിങ്കരവൃന്ദമില്ല,
ഇരുന്നലറാൻ സിംഹാസനത്തിന് കാലുമില്ല !
കൂർത്ത മുൾ മുനമ്പുകൾ കോർത്തെൻ-
പാദങ്ങൾ നിണമാലയണിഞ്ഞു.
കളഞ്ഞു പോയ രാജമാണിക്യവും
പറന്നുപോയ ഹർഷസൗഗന്ധികങ്ങളും തേടി-
യലയുമെന്നശ്രുവിലും രക്തസന്നിവേശം !
മുകളിലൊരു താരകമെരിയുന്നുവ-
തിനെയെത്തിപ്പിടിക്കാനാവില്ല.
ഇരുട്ടിന്റെ കണ്ണാടിയിൽ തെളിയുമെൻ രൂപം,



ഞാൻ ചിരിച്ചിട്ടും ചിരിക്കാത്ത പ്രതിബിംബം!
ഞാനാടിയിട്ടുമാടാത്ത നിഴലും!
കാലത്തിന്റെ ചതുരംഗപ്പലകയിൽ എന്റെ-
ഗർഭിണിയാം തൂലിക വെട്ടേറ്റു വീണിരിക്കുന്നു,
ധാർമ്മികതയുടെ ചെമ്പടച്ചട്ടയിൽ
കിനിഞ്ഞരക്തം അശ്രുവീണു തെളിയുന്നു!
തമസ്സിൽ കരിമ്പടം വലിച്ചു മാറ്റാൻ ശ്രമിക്കവേ
ഒരു ചെറുതിരി കൈയിൽ തടയുന്നു !
ഇരുപെരു വിരലുകളുമുരുമ്മി ഞാൻ തീയെ സൃഷ്ടിച്ചു-
കൊളുത്തിയ തിരിനാളത്തിലും നിണ പരിവേഷം !
ചുവന്ന പ്രപഞ്ചം , ചെം പ്രകാശം, ലോഹിതദീപങ്ങൾ,
ഒടുക്കം തമസ്സ് പരാജയമേറ്റ് വിടവാങ്ങി;
വിപ്ലവത്തീനാമ്പ് കാട്ടുതീയായെത്തി-
ലോഹിത, ഹരിത, ധവളസംഗമം
ഒരു ഹോമ കുണ്ഠമെരിഞ്ഞു തീരുമ്പോൾ
അഗ്നിസാക്ഷിയായ് ശേഷിച്ചതെന്നാത്മാവു മാത്രം
നിത്യശാന്തിനേർന്നനുഗ്രഹിച്ചിടാൻ മമ
ഘാതകനാം ചെന്തമസ്സുറക്കമാണ് !
ഇപ്പോൾ കാലത്തിന്റെ ആദ്യയാമം,
വിധിയുടെ തീരാത്ത അന്ത്യയാമം !



# ഫൈൻ 'ആട്'സ് ഡേ

ഹുമയൂൺ കബീർ. കെ.എസ്

ഓർത്തു ഞാൻ ഹൈവേ മധ്യ-
മിതിലും സുരക്ഷിതം
വണ്ടി തൻ സ്പീഡിലല്ലോ
തണ്ടിന്റെയളവുകോൽ

ചെത്തിന്റെ പിന്നിലൊരു
ചിത്തരോഗിയെക്കാണാം
ഇല്ലാത്തതെന്തോ കാട്ടാൻ
ഉൽസാഹം പ്രകടിപ്പൂ.

സ്റ്റേജിലെ പരിപാടി
നാടിന്റെ പരിച്ഛേദം.
സ്റ്റാറ്റസു പാലിക്കാനായ്
കലയെ കൊല്ലുന്നവർ.

നാടകം കളിക്കാനായ്
നാടകം കളിക്കുന്നോർ,
പാടാനായ് പാടുന്നോരും
പാടെ കുറവല്ലതിൽ.

കൂവുവാനൊരു കൂട്ട-
മുണ്ടതിൽ കുറക്കന്റെ
കുലത്തെ കൊല്ലും വിധം
പാടവം കാണിക്കുന്നു.

കോമരം തുള്ളുന്നുണ്ട-
പ്പുറത്തൊരു കൂട്ടം
കോലങ്ങളെന്തെന്തൊക്കെ
കാണുന്നെൻ ഭഗവാനെ.

കാലത്തു രാജാഗേറ്റിൻ
മുമ്പിലെത്തി നിന്നു.
കാലൊന്നു നിന്നുവല്ലോ
കാരണമെന്താണന്നോ

പകലോൻ മന്ദം മന്ദം
പടികടന്നീടുന്നു
പതിവിൻ വിരുദ്ധമായ്
പലരെ കാണുന്നല്ലോ!

എട്ടര സ്പെഷൽ വെച്ചാ-
ലെത്തിടാത്തോരെല്ലാരും
എട്ടിനു തന്നെയെത്തി
എന്തൊരു മറിമായം!

സ്തൂപികാ മരങ്ങൾ തൻ
സാമീപ്യമണഞ്ഞു ഞാൻ
സാകൂതം രംഗത്തേക്ക്
നടന്നു നീങ്ങീടവേ

മാരുതി, ഹീറോ ഹോൺഡാ
ചാരത്തു കൂടി പാഞ്ഞു,
മാനസം പിടക്കുന്നു
മാറിടം തകർക്കുമോ?

# ഗുരുദക്ഷിണ

മറിയം സുബി എ

നമിക്കുന്നു മമ ചിത്തം, കാണ്മിതാ-
പ്രദക്ഷിണം വെക്കുന്ന കൂമ്പിയ മിഴികളും
ഞാൻ നിന്നോടടുക്കുന്നു ശുഷ്ക്കയായ്
സ്വപ്നങ്ങൾ തൻ ഭിക്ഷാപാത്രവുമായ്
നിൻ മുഗ്ദ ഗംഭീരഭാവങ്ങൾ തേച്ച ഛായം
എൻ ഇരുളാർന്ന സ്മൃതിയിൽ നീയാം പ്രസാദം.
എൻ പളുങ്കുപേടകത്തിൽ കൊഴിഞ്ഞ ബാന്ധവാ
നിൻ ജ്ഞാനത്തിൻ വരളുമീ കാട്ടാറുകൾ
ഈ ജന്മകിനാവിൻ ചില്ലയിൽ
നിന്നറിവുകൾ നൽകിയ സുവർണ്ണ കിരീടം
ഞാനെന്നിലേകിയ വള്ളിക്കുടിലിൽ
ഉറക്കനെയാലപിച്ചീടാം സന്ധ്യാ രാഗവും.
എൻ കാലിക്കുമ്പിളിൽ ബാക്കിയിരിപ്പൂ
നിനക്കായ്, നിനക്കായ്, ഒരു പിടി ഗുരുദക്ഷിണ.



# In Earnestness

**Hasbulla. E.**



*It was in a murky night*
*I led him with a candle*
*while the dogs were barking loud*
*All around was sleeped in still ness.*

*Why the father made so*
*A man in utter waywardness*

*Pained and prayed was I*
*Oh ! Beneficent; lead us to light.*

*Moon might there be behind the cloud*
*But to us all the same*
*Thoughtful men bared this*
*For the world is in such a plight.*

*O Thee that created this vastness*
*Bless and save us from this maze.*

# ജ്ഞാനികം

അൻവർ ഹുസൈൻ എം.




നിന്നെ ഞാനറിയുന്നു സത്വമായെന്നാത്മ
മിത്രമായ്, ദ്രംഷ്ട തന്നുൻമത്ത നൃത്തമായ്
നിന്നെ ഞാനറിയുന്നു കലിയായ്, കുരുക്ഷേത്ര
രണയഥാതന്തുവായ്, സമരാനുഭാവമായ്
കവിതയായ്, കവിതതന്നതിദീർഘഗാത്രമായ്
ലഹരിയായതിൽ നിന്നുമുതിരുന്ന വരികളായ്
ഗണമായ്, ഗണത്തിൽ നിന്നുയുരുന്ന ഗാഥയായ്
മനമായ്, അദമ്യേന്ദ്രിയത്തിന്റെ സൗഖ്യമായ്
കലയായ്, കലാവിരോധത്തിന്റെ നാളമായ്
കുലമായ്, കുലത്തിന്റെ യന്തകേച്ഛങ്ങളായ്.
നിന്നെ ഞാനറിയുന്നു സഖിയായ്, വിരാമത്തി-
നുൽകൃഷ്ട സ്വത്വമായ്, അകർമ്മേച്ഛ ഗീതിയായ്
ജനിതകം പാടിയായിരുൾപക്ഷ ശലഭവും
ജന്മങ്ങൾ തേടിപ്പറന്നുപോകുന്നതായ്
ഉലകളിലമരും യഥാജീവ കാവ്യങ്ങ-
ളുലകത്തിനൊരു ഗീതി കണമായുറഞ്ഞതായ്
ചപലതക്കിരുവശം തേടുമ്പഴും കഥാ-
ചപലതക്കെന്നുമാവേശമേറ്റുന്നതായ്
കരിയായി നിന്നീ തമസ്സിലലിയുന്നതായ്
ഗളമായി നിന്നതിൻ ചലനമേറ്റുന്നതായ്
സാന്ദ്രമായൊരു നനുത്തിരു ഭാഗ വാതിലായ്
കാലമാ, യതിലേക്കിറങ്ങുന്ന കാലനായ്.
നിന്നെ ഞാനറിയുന്നു, യീഗോള പക്ഷത്തി-
ലമരുന്നയസ്സൂര്യ താപത്തിന്നിരകളായ്

നിന്നെ ഞാനറിയുന്നു ഒരു മാംസഭുക്കിന്റെ
ഇരകൾ തന്നുദരത്തിൻ നിമ്നോന്നതികളായ്
കോലങ്ങളാ, യവക്കവസാനശ്വാസവും
നൽകുന്ന ജീവകാരുണ്യ വാണിജ്യമായ്.
നിന്നെ ഞാനറിയുന്നു ജനനമായൊരു മഹാ-
ജീവന്റെ കണികയായ്, പിന്നെയതിനന്ത്യമായ്
അറിയുന്നു ഞാൻ നിന്നെ മരണമായതിൻ പിന്നിൽ
ചിതലരിച്ചീടുന്നയൊരു കൊച്ചു സ്മരണയായ്.

# കിനാവിന്റെ തീരം

**നജീബുറഹ്മാൻ പി.കെ**



മെല്ലെച്ചിരിച്ചുകൊണ്ടൊഴുകുന്നൊരരുവിതൻ
തീരത്തിലേകാന്തനായി ഞാൻ നിൽക്കവെ
പൗർണ്ണമി രാവിന്റെ കൈകളിൽ നിന്നുമാ-
പൊൻനിലാവെന്നിലേക്കൂർന്നിറങ്ങി.
വിണ്ണിൽ വിളങ്ങുന്ന കുഞ്ഞുതാരങ്ങൾ പോൽ
മിന്നുന്ന, മിന്നാമിനുങ്ങുകൾ കൂട്ടമായ്
മഞ്ഞിൽ പൊതിഞ്ഞൊരാ തേന്മാവിൻ കൊമ്പത്ത്
മാലാഖമാരായി വന്നിറങ്ങി.
താഴ്‌വാരമപ്പൊഴും മൂടിപ്പുതുച്ചുകൊ-
ണ്ടൊരു നേർത്ത സംഗീത നാദം പൊഴിക്കവെ
ഗന്ധർവ്വ ഗായകരൊക്കെയും മൂകരായ്
വെൺമേഘപ്പാളിയിൽ പൊയ്മറഞ്ഞു.

ആദ്യാനുരാഗത്തിലാർദ്രമായ് മാറിയ
യുവമിഥുനങ്ങൾ തൻ ചുടുചുംബനം പോൽ
കുളിർമഞ്ഞിനെക്കോരി തെക്കു നിന്നെങ്ങോ
ശാന്തനായ് തെന്നൽ തുഴഞ്ഞുവന്നു.
മാലോകരൊക്കെയും നിദ്രയിലാഴവെ
ക്ലേശം മറന്നു സ്വപ്നങ്ങൾ കാണവെ
ആരോരുമറിയാത്തൊരീസ്വർഗ്ഗവാടിയിൽ
ഏകാന്തനായി ഞാൻ വന്നണഞ്ഞു.
ഏതോ മരക്കൊമ്പിലിണയെപ്പിരിഞ്ഞപൂ-
ങ്കുയിലിന്റെ നേർത്തൊരാ പാട്ടു കേട്ടീടവെ
ഈ വശ്യ ലാവണ്യമൊക്കെയും കേവലം
മൂകമായ്, മിഥ്യയായ് മാറിടുന്നു.

എങ്ങോ നിഴൽതേടി കൂടുവിട്ടോടിയ
എന്നിണക്കിളി, നിന്നുടെ സ്മൃതികളാൽ
എന്നിൽ പതഞ്ഞുപൊന്തുന്ന നോവിനാൽ
ഏകാന്തനായി ഞാൻ തേങ്ങി വീണ്ടും.
പാതിവിടർന്നയീ പൂക്കൾതൻ സൗന്ദര്യ-
സന്ദേശവും, പൂമ്പാറ്റയും, മലരും
ശോകമായുരുകുമെന്നാത്മ വിഷാദത്തി-
ലറിയാതെ,യറിയാതെ യാണ്ടുപോയി.
കൈകളിൽ പൊൻവീണയും, നിൻ-
മിഴികളിൽ സംഗീതവുമേന്തുമോമലേ,
ഹൃദയക്കവാടങ്ങളൊക്കെത്തുറന്നു
ഞാൻ എന്നും നിനക്കായി കാത്തിരിക്കാം...

# MAKE IT BIG

ASIF MOHAMED

Hi; Young folks !
If you're sad,
You're going mad,
Ask your Dad,
Get a cute pad,
Rest on your lap,
Think a little hard,
Scribble it glad;
Add some spice
Butter and jam,
And make it bang,
With all that damn.
Try a little
Grand and sound,
It ought to click
Like a magic spell
The rest would bring,
fame to your name.
The press'll help
In doubling your sales
But the need of the hour,
Is getting it banned;
With black cats around,
And white cat aside;
To live a life,
Posh and Pomp.



# നദി എന്റെ സ്നേഹിത

ശുഭാ മുഖോപാദ്ധ്യായ



രാത്രിയിലൂടെ നിരന്തരം
നദി അതിന്റെ ലാവണത്തിലേക്കൊഴുകുന്നു.
നദിക്കുള്ളിലും, പുറത്തും
മറ്റൊരു നദി,
അതിനുമപ്പുറം
നദിയുടെ മാത്രമായ ലോകം,
അതിന്റെ ബന്ധുമിത്രങ്ങൾ,
പരന്നു പടരുന്നു.

ചാന്ദ്രദുഃഖങ്ങൾക്കു പിമ്പേ,
സസതിയിലെ പ്രേതാലയവും
ആകാശത്തിലെ രജതരേഖകളും
പാടുന്ന കിളിക്കൂട്ടങ്ങളുമുപേക്ഷിച്ച്...
നമുക്കുള്ളിലെയും, പുറത്തെയും
ദുഃഖമേഘക്കൂട്ടങ്ങളെയുമുപേക്ഷിച്ച്....

ആകാശങ്ങളുടേതും, കാടുകളുടേതുമായ
ഈ ലോകത്ത്
ചന്ദ്രൻ പ്രകാശഹാരങ്ങളും
ചങ്ങാത്തവും തരികയാണ്.
മൈഥുനങ്ങൾക്കായുള്ള ഈ പ്രഭയിൽ
ഡോൾഫിനുകൾ അലയുന്നു.

ശ്മശാനത്തിൽ എരിയാൻ വിധിക്കപ്പെട്ട
ഉണക്കു വിറകുകൾ വിരസതയോടും,
വിരഹത്തോടും കൂടി മന്ത്രിക്കുന്നു-
"എത്ര കാലം! എത്ര കാല-
മീ മായാലോകത്ത് നിങ്ങൾ വിഹരിക്കും?"

ചന്ദ്രരശ്മികളുടെ മൃദുദളങ്ങളിൽ
നദിയുടെ മാറിടം ശൂന്യമാവുന്നു.
മുത്തുകളുടെ സജീവതയിലൂടെ,
വർണ്ണാഭമായ ചിൽക്കഷ്ണങ്ങളിലൂടെ,
രാവിലൂടെ,
നദി ഒഴുകുകയാണ്.
കറുത്ത പക്ഷികളുടെ കൂടുകളിലേക്ക്
കൂടെ നമ്മുടെ ജീവിതവും
മേഘച്ചില്ലകളെന്നപോലെ ഒലിച്ചകലുന്നു.

മൊഴിമാറ്റം - **മനോജ് കുമാർ പി.എസ്.**

കവിത

# നാമറിയാത്ത വീഥി

സി. അഹമ്മദ് സിറാജ്.

അന്തകനാം വെണ്ണീരിൻ യുഗത്തിൻ
കാലത്തളങ്ങളിൽ ചായവെ,
ആര്യമാം സജ്ജനവപുസ്സിനെ
തീണ്ടുന്നിതാ തിന്മയാം ചുടലബ്ഭൂതവും.
പാരിതോഷം ലഭിക്കുന്നില്ല ധരിത്രി തൻ
കോലങ്ങളിൽ, നോവൂറും ചുടുകണ്ണീരിലും
ഇളതൻ തേജസ്സും കളഞ്ഞുകുളിച്ച
സമരകൃത്യമാം മനുജാ നീ വെറുമൊരശ്രുകണം.
പ്രാണസാരമാം നിൻ ഹിംസവേട്ടയും,
സ്വതവേയുള്ള നിൻ അർത്ഥകാമവും,
ചണ്ഡമാം തൃശൂലഹൃത്തും,
കരങ്ങളാം ദംഷ്ട്ര വീചികളും,
നാസാദ്വാരത്തിൻ ചുടുചോരമണവും,
അരയിൽ കൊളുത്തിയിട്ടാത്മമിത്രത്തിൻ ശവവും,
വിളങ്ങുന്ന കാലവീചികളാം തുറുപ്പുചീട്ടിൽ
പുതക്കാൻ രക്തക്കുറിയും, തീഭസ്മവും,
അരികിൻ വിറമുറ്റിയ ചരിത്രഭാണ്ഡ-
ങ്ങളിലുറങ്ങും രജനീതൻ ആകാരവും,
പഞ്ചമാം ആഹാരത്തിൽ കലർത്തിയ വിഷവും,
ഇനിയെൻ പ്രതീക്ഷ തൻ തമ്പുരുമീട്ടി-
യെത്രകാലം കിനാവിൻ പാഴ്ചില്ലയിൽ
നാമറിയാത്ത വീഥിയാം, നാമറിയാത്ത വീഥിയാം.

# നൊമ്പരം

ബിന്ദുമോൾ പി.എസ്.



ജന്മത്തിന്റെ നിഗൂഢത–
അമ്മയുടെ മുലപ്പാലിൽ
ചന്നിനായകം കയ്ച്ചു.
അച്ഛന്റെ വർഷാന്ത സന്ദർശനങ്ങൾ
എനിക്കാഹ്ലാദം നൽകിയിരുന്നില്ല
അയൽക്കാരുടെ സ്നേഹപ്രകടനത്തിൽ
പരിഹാസത്തിന്റെ ക്രൂരമ്പേറ്റ
എന്റെ ഹൃദയം
വലിയ പുരയുടെ ചെറിയ ജനലിന്നരികിൽ
കരയുമ്പോൾ താളമായി വന്ന
ചീവീടുകളുടെ ശബ്ദം
തണുത്ത രാത്രികളിൽ
കൃഷ്ണാ! രക്ഷയെന്നു പറഞ്ഞ്
കമ്പിളി പുതപ്പിച്ചു തന്നിരുന്ന
ശുഷ്ക്കിച്ച വിരലുകളുള്ള പാവം മുത്തശ്ശി–
എങ്കിലും,
വിരലുകൊണ്ട് മണലിൽ
ഹരിശ്രീ കുറിച്ചപ്പോൾ
നൊന്തിരുന്നില്ല.
മഞ്ചാടിക്കുരുവിന് പകരം
ഇലഞ്ഞിക്കുരു കൊടുക്കാൻ
എന്റെ കൈയിലുണ്ടായിരുന്നില്ല.
കനവുകളിലെ നിറങ്ങൾ
നിനവുകളിൽ നഷ്ടപ്പെട്ടുപോയി.
കുറ്റിയിൽ തളച്ചുകെട്ടിയ പശു;
പരിമിതി അറിഞ്ഞപ്പോഴേക്കും
ജന്മം കഴിയാറായി.
ശത്രുവിന്റെ വെടിയുണ്ടയിൽ
ആത്മസുഹൃത്ത് ചുവപ്പിൽ കുതിർന്നപ്പോൾ
പകപോക്കിയത് ആരോടാണ്?
വിശപ്പിന്റെ പിഞ്ചുകോലങ്ങൾ
പഴിക്കേണ്ടതാരെയാണ്?
വാത്സല്യം വരം ചെയ്യേണ്ടിയിരുന്ന
നോവിന്റെ കണ്ണുകളിലെ
തുടിപ്പു മായ്ച്ചതാരാണ്?
ശീതികരണിയുടെ മൂളലിൽ വിങ്ങുന്ന
രോഗിയുടെ ചിന്തകൾ
എങ്ങോട്ടാണ് തിരിഞ്ഞത്?
പൊരുത്തപ്പെടലുകൾ കൊണ്ട്
മുനതേഞ്ഞ ജീവിതങ്ങൾ...
കാത്തിരിപ്പിൽ
കെടാതെ സൂക്ഷിച്ച
കണ്ണീരിന്റെ ഉപ്പും, രക്തവും കലർന്ന
സ്നേഹത്തിന്റെ കൈത്തിരി
ആർക്കു സമ്മാനിക്കും?
നന്മകൾ പൂത്തമണം
എവിടെ നിന്നും അറിയാം?
നാട്ടുപച്ചക്കാറ്റിൽ
കതിരിന്റെ മണമില്ലല്ലോ?
എനിക്കെന്തെങ്കിലും നൽകിയത്
ചിതലരിച്ച എന്റെ സ്വപ്ന വസന്തത്തിലെ
ഏതെങ്കിലും ഭാവങ്ങൾ–
ഇല്ല;
ഓർമ്മകളുടെ വിരുന്നിൽ
എനിക്കാരെയും മറക്കാനാവില്ല.

കവിത

# പൊൻമരം

ഫൈസൽ. കെ. എ



കരിമണ്ണിൻ തരികളിലന്ന്
ഗുരുമെല്ലെയെറിഞ്ഞൊരു വിത്ത്
പുതുമഴതൻ തുള്ളികളാലെ
മുളപൊട്ടി ഭൂവിലുയർന്നു.

തളിരിട്ടതു പുഞ്ചിരിയോടെ
കുളിർകാറ്റത്താടിയുലഞ്ഞു
വളമേറെ നുണഞ്ഞു നുകർന്നു
ഒരു വൻമരമായി വളർന്നു.

ബലമേറിയ കാണ്ഠവുമായി
ഇടതിങ്ങിയ ചില്ലകളോടെ
തലയിൽ പൂ ചൂടിയപോലെ
വൻമരമൊരു പൊൻമരമായി.

കോട്ടകളിൽ കഴിയുന്നോരും
പൂമെത്തയിലുറങ്ങുന്നോരും
സ്വർണ്ണ–പ്പട്ടണിയുന്നോരും
വൃക്ഷത്തെ കണ്ടു വിറച്ചു....

കോട്ടകളോ കുഴിയിലമർന്നു
മേലാളർ മണ്ണിലമർന്നു
വൻമരമൊരു പൊൻമരമായി
തലമുറയിൽ തണലുവിരിച്ചു.

# THE VIRULENT END

**RAJESWARI.S. DAS.**



An unexpected trial of this,
makes young mind love it.
A spatter or puff of this,
turn body into ash.
And once it ensures,
it's difficult to spare.
Can you guess what it is ?
It's just the dangerous bit of drugs.

# Train to fortune

## THUFYL MANSOOR

I

The train went trailing and irling
It was a bold move; lands being cut;
Uncivilized pieces; Unharnessed people
Passengers with livid eyes
White teeth that is an Indian privilege

It burst the land, blew the air,
Through mire untired it ploded
In India Gandhi's land, through
Buddha's lap, In Lakshmi's breast
It made holes called tunnels

An India stout & Pride; had moustache
Cutely cut with forehead sweating
Its men and ladies with brows high
Tore the village India into shreds.

Fortune hunters, letter-suckers, viza seekers
Black and white and brown and light
Bared bones ! while flesh covered others
Babies had some; like puppies were
They watched upon: ""Mummy" called
They honeyed red rosy Indian lips.

II

Fortune hunters were they, viza seekers were they, whisky drinkers were they
And stars twinkled in the sky; to dwindle with the day
Then the moustache bloomed; a mile broke
A honey book gurgled; that was a Kerala smile
Beneath it shone the milky coconut teeth
Forutne teller, forutne-seller, whisky drinker was he
Rohini & Kethu makes mix wonderous go along you visa-seeker
To the deserts you money-monger
Trap the forutne; smare the luck; and have the buck

III

It was journey back; again through Bharath's entrails
The begger came; one with his legs skyward
Another a calliban swimming on the floor.
A third one with nose on his forehead
This is India; sweet little great India
I saw the man, the visa seeker, the fortune hunter
No he didn't the sea cross; the stars are still at bay
Then came his tale of woe:
"All I have sold-'-penniless Iam he cried
Robbed and dubbed and hobbed by agents
Forutne-hunters, whisky drinkers

Then came a man; a siamese born
With a baby sticking at his belly
And he gasped looking on the object
The viza-seeker dropped a coin that shined with a gleam

Surely the star shines; the forutne's coin
Twinkles; say no to visa seekers
For this lands stars are yet to shine
From the bowers of heavenly mine.



കവിത

# വരുമോ നീ

എളമ്പിലാക്കോട്



നിലാവിന്റെ നീരവതീരത്തു പൂത്ത
നിശാഗന്ധിയോടനുരാഗോന്മത്തനാം
നിശാവാതമെന്തോ പുലമ്പിപ്പോകവേ
നിൻ കാലൊച്ചയെന്നാർക്കുന്നു മാനസം !

ഉയിരിന്റെ തിരി നീട്ടി രാഗാതുരം
ഉരുകും മനസ്സിന്റെ വാതിൽ തുറന്നേ
കാത്തിരിക്കുന്നു ഞാ, നാ ജന്മമെങ്കിലും
കാണാമറയത്തു തന്നെ നീയെപ്പോഴും !

അരികെ വന്നത്രമേൽ വശ്യം ചിരിക്കും
ദൂരമാം നീലനിഗൂഢവിൺ മുഗ്ദതേ
ആരു നീ ? വേർതിരിച്ചറിവീലെങ്കിലും
നീറുന്നു നിന്നെയോർത്തെൻ വിരഹചിത്തം.

മഞ്ഞണിഞ്ഞുണരും പൂവിന്റെ ചൊടിയിൽ
മാഞ്ഞുപോം സന്ധ്യതൻ വിഷാദസ്മിതത്തിൽ
മാരിവിൽ ചൂടിക്കിനാവിൽ നിനവിലും
മിന്നിത്തിളങ്ങുന്നിതെങ്ങുമേ നിന്മുഖം.

ആശിച്ചിടുന്ന പോലൊന്നിച്ചു ചേർന്നുകൊ-
ണ്ടാത്മലയ നിർവൃതിയിലലിയുവാൻ
ദൂരങ്ങളൊരുമാത്ര കൊണ്ടേ താണ്ടി നീ
വരുമോ മച്ചിദാനന്ദ സൗന്ദര്യമേ ?

# വാച്ച്



എന്റെ വാച്ച് നിലച്ചിരിക്കുന്നു
കാരണമെന്തെന്ന്
എനിക്കറിയില്ല.
ഒന്നറിയാം–
വാച്ച് നിലച്ചപ്പോൾ
ഞാനുറങ്ങിയിരുന്നു.
പെയ്തു തോർന്ന മഴയുടെ
ചിലമ്പിച്ച ബാക്കിപത്രം;
ഉപദേശങ്ങളുടെ ശോഭയാർന്ന
ആത്മഭാവം;
സവിശേഷവൽക്കരണത്തിന്റെ
നൊമ്പരം കലർന്ന
അനുഭൂതി–
ഒന്നിനും
എന്നെ സാന്ത്വനിപ്പിക്കാനാവുന്നില്ല.

എന്റെ വാച്ച് നിലച്ചിരിക്കുന്നു–
ഇന്നലെ വരെ,
കലാപഭൂമിക്കു മുകളിലൂടെ
ദേശാടനം നടത്തുന്ന
ഗാർങകപ്പക്ഷികളുടെ
കുറ്റബോധം കലർന്ന നിശ്വാസം പോലെ;
ചാലിട്ടിഴയുന്ന ഉറുമ്പുനിരയെ
ക്രൂരമായി ഖണ്ഡിക്കുന്ന
ബാല്യത്തിന്റെ ഭാവ്യാശുഭത്തെപ്പോലെ;
പുസ്തകത്തിലെ,
അരുതാത്തതു കണ്ട ഇരയുടെ കണ്ണുകളിലെ
ദൈന്യത പോലെ
ഇന്നലെ വരെ,
എന്റെ വാച്ച്,
എന്റെ സമയം
ഇത്തിരി ചലനവുമായി എന്നിലുണ്ടായിരുന്നു.
എന്റെ വാച്ച്
നിലച്ചിരിക്കുന്നു
എന്റെ സമയം തീർന്നിരിക്കുന്നു
അകാല വാർദ്ധക്യത്തിന്റെ
ഈ കുറുനിരകൾക്കിടയിൽ
പെറുക്കപ്പെടാനിനിയൊന്നുമില്ല.

**അൻവർ അലി സി.പി.**